പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2980 — 18/06/2019-ൽ മറുപടിയ്ക്ക്

## പ്രളയത്തിൽ തകർന്ന സ്കൂൾ കെട്ടിടങ്ങൾ

**ചോദ്യം**

ശ്രീ.എൽദോ എബ്രഹാം

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാ പ്രളയത്തിൽ തകർന്നതും നിലവിൽ പ്രവർത്തന യോഗ്യമല്ലാതായി തീർന്നതുമായ സ്കൂൾ കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങളും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്തെല്ലാമെന്ന് വിശദമാക്കാമോ ?

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ തകർന്നതും നിലവിൽ പ്രവർത്തന യോഗ്യമല്ലാതായി തീർന്നതുമായ സ്കൂൾ കെട്ടിടങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു

| ക്രമ നമ്പർ | സ്കൂൾ | ജില്ല |
|---|---|---|
| 1 | 1 ജി.എൽ.പി.എസ് കുറിച്യാർമല | വയനാട് |
| 2 | ജി.എൽ.പി.എസ്, മക്കിമല | വയനാട് |
| 3 | ജി.എൽ.പി.എസ്, ആനവിരട്ടി | ഇടുക്കി |
| 4 | ജി.ജെ.എൽ.പി.എസ്, പെരുവമ്പ് | പാലക്കാട് |
| 5 | ജി.എൽ.പി.എസ്, ബാവിക്കര | കാസർഗോഡ് |
| 6 | ഗവൺമെന്റ് എൽ.പി.എസ്, കായനാട് | എറണാകുളം |
| 7 | എൽ.പി.എസ്, കുട്ടമംഗലം | ആലപ്പുഴ |

(ബി) വയനാട് ജില്ലയിലെ കുറിച്യാർമല ജി.എൽ.പി.എസ്, അടുത്തുള്ള മദ്രസ കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. നിലവിലുള്ള സ്ഥലം സുരക്ഷിതമല്ലാത്തതിനാൽ പുതിയ സ്ഥലം വാങ്ങേണ്ടതുണ്ട്. സമീപത്തുള്ള സ്ഥലം വാങ്ങുന്നതിനുള്ള പ്രോപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഇതേ ജില്ലയിലെ തന്നെ മക്കിമല ഗവൺമെന്റ് എൽ.പി സ്കൂളിന്റെ പണിപൂർത്തിയായി ക്കൊണ്ടിരിക്കുന്നു. സമീപത്തെ മദ്രസ കെട്ടിടത്തിലാണ് നിലവിൽ സ്കൂൾ പ്രവർത്തിക്കുന്നത്.

ഇടുക്കി ജില്ലയിലെ ആനവിരട്ടി ഗവൺമെന്റ് എൽ.പി സ്കൂളിന്റെ പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പെരുവമ്പ് ജി.ജെ.എൽ.പി.എസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി സ്കൂൾ കെട്ടിടം ഉടമസ്ഥനും നാട്ടുകാരും ചേർന്ന് നന്നാക്കി അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ബാവിക്കര ഗവൺമെന്റ് എൽ.പി.എസ് തൊട്ടടുത്ത മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുകയും സ്ഥലം നിരപ്പാക്കി കെട്ടിടത്തിന് തറക്കല്ലിടാൻ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കായനാട് ഗവൺമെന്റ് എൽ.പി.എസ് അടുത്തുള്ള സെന്റ് യാക്കോബായ പള്ളിവക ഹാളിൽ പ്രവർത്തിക്കുന്നു. സ്കൂൾ കെട്ടിട പുനർനിർമ്മാണത്തിനായി "Confederation of Indian Industry" എന്ന എൻ.ജി.ഒ തയ്യാറായി വന്നിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ആലപ്പുഴ ജില്ലയിലെ കുട്ടമംഗലം ഗവൺമെന്റ് എൽ.പി.എസ് അടുത്തുള്ള കുട്ടമംഗലം എസ്.എൻ.ഡി.പി.എച്ച്.എസ് സ്കൂളിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. ടി സ്കൂളിന്റെ പുനർനിർമ്മാണത്തിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

Namitha J

**സെക്ഷൻ ഓഫീസർ**